ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.07.2025

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. ഇന്ത്യയുടെ ശുഭാംശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യ സംഘം ഇന്ന് ഭൂമിയിൽ തിരിച്ചെത്തും.

   **The four-member Axiom-4 space mission team, including India's Shubham Shukla, will return to Earth today.**

2. ഒഡിഷ സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു റെവൻഷാ സർവകലാശാലയുടെ പതിമൂന്നാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **President Draupadi Murmu will attend the 13th convocation of Ravanshah University today on the second day of her visit to Odisha.**

3. സ്ഥാപിത വൈദ്യുതിശേഷിയുടെ 50 ശതമാനവും, ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിച്ച് രാജ്യം.

   **India has achieved a landmark in its energy transition journey by reaching 50 per cent of its installed electricity capacity from non-fossil fuel sources.**

4. റഷ്യയിൽ നിന്ന് എണ്ണ, വാതകം, യുറേനിയം തുടങ്ങിയവ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് 100 ശതമാനം ദ്വിതീയ തീരുവ ചുമത്തുമെന്ന് അമേരിക്ക.

   **The United States will impose a secondary 100 percent tariff on countries importing oil, gas, uranium, etc. from Russia.**

5. **കേരളത്തിൽ അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.**

   **IMD has predicted heavy rainfall for five days in Kerala. Yellow alert declared in five districts today. Fishermen are warned not to venture into sea.**

6. **ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് ജയം.**

   **England wins against India in the Lord's Cricket Test.**

*******************************************************

## AXIOM 4 RETURN

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ദൗത്യ സംഘം ഇന്ന് ഭൂമിയിലെത്തും. ഇന്ന് വൈകുന്നേരം 3 മണിയോടെ പേടകം ശാന്ത സമുദ്രത്തിൽ സ്പ്ലാഷ് ലാൻഡിംഗ് നടത്തും. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നും ഇന്നലെ വൈകീട്ട് 4.45-ഓടെയാണ് അൺഡോക്കിങ് പൂർത്തിയാക്കിയത്. 18 ദിവസത്തെ ബഹിരാകാശ വാസത്തിന് ശേഷമാണ് ശുഭാംശു ശുക്ലയും സംഘവും മടങ്ങിയെത്തുന്നത്. ഇന്ത്യയ്ക്ക് വേണ്ടി പ്രത്യേകമായി ഏഴ് പരീക്ഷണങ്ങൾ ഗ്രൂപ്പ് ക്യാപ്റ്റൻ ശുക്ല നടത്തി. ലാൻഡിംഗിന് ശേഷം, സംഘാംഗങ്ങൾ ഭൂമിയുടെ ഗുരുത്വാകർഷണവുമായി പൊരുത്തപ്പെടാൻ 7 ദിവസത്തെ പുനരധിവാസ പരിപാടിക്ക് വിധേയരാകും.

*******************************************************

## PREZ-ODISHA

ഒഡിഷ സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു റെവൻഷാ സർവകലാശാലയുടെ പതിമൂന്നാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. കട്ടക്കിലുള്ള റെവൻഷാ ഗേൾസ് ഹൈസ്കൂളിന്റെ മൂന്ന് കെട്ടിടങ്ങളുടെ പുനരുദ്ധാന പ്രവർത്തനങ്ങൾക്കും രാഷ്ട്രപതി ഇന്ന് തറക്കല്ലിടും. പ്രശസ്ത ഒഡിയ കവിയും പണ്ഡിതനുമായ ആദികാബി സരള ദാസിന്റെ ജന്മവാർഷിക ആഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി മുർമു 2024-ലെ കലിംഗ രത്ന പുരസ്കാരങ്ങളും സമ്മാനിക്കും. വൈകുന്നേരത്തോടെ ഡൽഹി യിലേക്ക് മടങ്ങും.

**********************************************************

## JAISHANKAR-WANG YI MEET INTRO

അതിർത്തിയിലെ തർക്കങ്ങൾ പരിഹരിച്ചതിലൂടെ, ഇന്ത്യ-ചൈന ബന്ധത്തിൽ മികച്ച പുരോഗതി കൈവന്നതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ബീജിംഗിൽ ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയും ചൈനയും തമ്മിലുള്ള സുസ്ഥിരവും ക്രിയാത്മകവുമായ ബന്ധം ലോകത്തിനാകെ ഗുണം ചെയ്യുമെന്നും വിദേശകാര്യമന്ത്രി വ്യക്തമാക്കി.

(വോയിസ്)

**********************************************************

## MEA - CANADA RATH YATRA

കാനഡയിൽ രഥ ഘോഷയാത്രയ്ക്കിടെ ഉണ്ടായ പ്രശ്നങ്ങളിൽ അപലപിച്ച് ഇന്ത്യ. സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കാൻ കനേഡിയൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു. ജനങ്ങളുടെ മതപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കനേഡിയൻ സർക്കാർ

ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ ജയ്സ്വാൾ പറഞ്ഞു.

***************************************************

## CENTRE - T.GANA ANDHRA WATER

നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട തർക്കം സംബന്ധിച്ചു ചർച്ച ചെയ്യാൻ തെലങ്കാന, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിമാരുടെ യോഗം നാളെ ഡൽഹിയിൽ ചേരും.കേന്ദ്ര മന്ത്രി സി.ആർ. പാട്ടീലിന്റെ സാന്നിധ്യത്തിൽ കൂടിക്കാഴ്ച നടത്താൻ തെലങ്കാന മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡിയെയും ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവിനെയും കേന്ദ്രം ക്ഷണിച്ചു.

***************************************************

## INDIA - CLEAN ENERGY

സ്ഥാപിത വൈദ്യുതിശേഷിയുടെ 50 ശതമാനവും, ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകളിൽനിന്ന് ഉത്പാദിപ്പിച്ച് ഊർജ്ജ പരിവർത്തന മേഖലയിൽ ഇന്ത്യ നാഴികക്കല്ല് സൃഷ്ടിച്ചു. ലക്ഷ്യമിട്ടതിനക്കോൾ അഞ്ച് വർഷം മുമ്പാണ് നേട്ടം സ്വന്തമാക്കിയത്. PM-KUSUM, PM Surya Ghar: Muft Bijli Yojana, സോളാർ പാർക്ക് വികസനം, തുടങ്ങിയ മുൻനിര പരിപാടികളാണ് ഈ പരിവർത്തനത്തിന് ശക്തമായ അടിത്തറ പാകിയത്. കാലാവസ്ഥാ വ്യതിയാനത്തിന് പരിഹാരങ്ങൾ തേടുന്ന ലോകത്തിന്, ഇന്ത്യ വഴി കാട്ടുകയാണെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി പറഞ്ഞു.

***************************************************

## NIPAH

കേരളത്തിൽ നിപ സമ്പർക്കപ്പട്ടികയിൽ നിലവിൽ 609 പേരാണ് ഉള്ളതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പാലക്കാട് നിപ റിപ്പോർട്ട് ചെയ്ത രണ്ടാമത്തെ വ്യക്തിയുടെ സമ്പർക്ക പട്ടികയിൽ 112 പേർ ഉൾപ്പെടെയാണിത്. സംസ്ഥാനത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദേശം നൽകി. ചെറിയ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇ-സഞ്ജീവനി വഴി ഡോക്ടറുടെ സൗജന്യ സേവനം തേടാവുന്നതാണ്.

***********************************************

## CM

10 ദിവസത്തെ ചികിത്സക്കായി അമേരിക്കയിൽ പോയ മുഖ്യമന്ത്രി പിണറായി വിജയൻ മടങ്ങിയെത്തി. ഇന്ന് പുലർച്ചയോടെയാണ് തിരിവനന്തപുരം വിമാനത്താവളത്തിലെത്തിയത്. ഭാര്യ കമല ഒപ്പമുണ്ടായിരുന്നു.

***********************************************

## GOYAL-ODOP AWARDS (INTRO)

ഒരു ജില്ല-ഒരു ഉൽപ്പന്നം പദ്ധതിയുടെ കീഴിൽ ആദ്യമായി കയറ്റുമതി ചെയ്യുന്നവരെയും ഓരോ ജില്ലയിൽ നിന്നുള്ള പുതിയ വിപണികളെയും പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന നാഷണൽ വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് 2024 അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന വലിയ സമ്പദ്‌വ്യവസ്ഥയാണ് നമ്മുടെ രാജ്യമെന്നും , വികസിത രാജ്യങ്ങളുമായി ആധുനിക വ്യാപാര കരാറുകളിൽ ഏർപ്പെടുന്നത് തുടരുമെന്നും ശ്രീ ഗോയൽ പറഞ്ഞു.

( ഹോൾഡ് വോയിസ് )

*****************************************************

## GOVERNOR – R.BINDU

കേരള, ഡിജിറ്റൽ സാങ്കേതിക സർവകലാശാലകളിൽ താത്കാലിക വിസി മാരെ നിയമിച്ചതുമായി ബന്ധപ്പെട്ട് ചാൻസലർ കൂടിയായ ഗവർണർ നൽകിയ ഹർജി ഹൈക്കോടതി തള്ളി. സർവകലാശാലകളിൽ സർക്കാർ പാനലുകളിൽ നിന്നല്ലാതെ വിസി മാരെ നിയമിച്ച നടപടി നേരത്തെ ഹേക്കോടതി സിംഗിൾ ബെഞ്ച് തള്ളിയിരുന്നു.

താൽക്കാലിക വിസിമാരുടെ കാലാവധി 6 മാസത്തിൽ കൂടുതലാകരുതെന്നും സ്ഥിരം വിസി നിയമനത്തിനുള്ള നടപടികൾ വേഗത്തിലാക്കാനും ഡിവിഷൻ ബഞ്ച് നിർദേശിച്ചു. ഉത്തരവ് സ്വാഗതാർഹമെന്ന് മന്ത്രി ആർ ബിന്ദു മാധ്യമങ്ങളോട് പ്രതികരിച്ചു.

*****************************************************

## TRUMP–TARIFF–RUSSIA

റഷ്യയിൽനിന്ന് എണ്ണ, വാതകം, യുറേനിയം തുടങ്ങിയവ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് 100 ശതമാനം ദ്വിതീയ തീരുവ ചുമത്തുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. 50 ദിവസത്തെ സമയപരിധിക്കുള്ളിൽ റഷ്യ യുക്രെനുമായി സമാധാന കരാർ ഉണ്ടാക്കിയില്ലെങ്കിൽ ശിക്ഷാ തീരുവ പ്രാബല്യത്തിൽ വരും. വൈറ്റ്ഹൗസിൽ വാർത്താസമ്മേളനത്തിലാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്.

റഷ്യയിൽ നിന്ന് ഊർജ്ജം വാങ്ങുന്നതിൽനിന്ന് ചൈനയെയും ഇന്ത്യയെയും തടഞ്ഞാൽ ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി റഷ്യയുടെ യുദ്ധനീക്കത്തെ ബാധിക്കുമെന്ന് അമേരിക്ക കരുതുന്നു.

*****************************************************

## WEATHER

കേരളത്തിൽ അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നിന്നും വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് നൽകി.

*****************************************************

## RAIN –HIMACHAL PRADESH/ UTTAR PRADESH

ഹിമാചൽ പ്രദേശിൽ കനത്ത മഴ തുടരുന്നു. മണ്ണിടിച്ചിൽ കാരണം നിരവധി റോഡുകൾ ഇപ്പോഴും അടച്ചിട്ടിരിക്കുകയാണ്. ഷിംല, സോളൻ, സിർമൗർ ജില്ലകളിൽ ഇന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചു. രാജ്യത്തിന്റെ വടക്കു-പടിഞ്ഞാറൻ, കിഴക്കൻ, മധ്യ ഭാഗങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉത്തർപ്രദേശിൽ പെയ്യുന്ന കനത്ത മഴയിൽ പല നദികളിലെയും ജലനിരപ്പ് ഉയർന്നു. വെള്ളപ്പൊക്കഭീഷണിയുള്ളതിനാൽ പ്രത്യേക ജാഗ്രത പുറപ്പെടുവിച്ചു.

*****************************************************

## LORDS TEST

ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് ജയം. അഞ്ചാം ദിനമായ ഇന്നലെ ഇന്ത്യ 22 റൺസിന് പരാജയപ്പെട്ടു . ഇംഗ്ലണ്ട് മുന്നോട്ടുവച്ച 193 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 170 റൺസിന് ഓൾഔട്ടായി. രവീന്ദ്ര ജഡേജ 61 റൺസുമായി പുറത്താകാതെ നിന്നു. അഞ്ച് മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പരയിൽ ഇംഗ്ലണ്ട് ഇപ്പോൾ 2-1 ന് മുന്നിലാണ്.

*****************************************************

## CHESS - FIDE WOMEN'S WORLD CUP

ജോർജിയയിൽ നടക്കുന്ന FIDE വനിതാ ചെസ്സ് , ലോകകപ്പിൽ ഇന്ത്യയുടെ ആർ. വൈശാലിയും ഹരിക ദ്രോണവല്ലിയും പ്രീ-ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. മുൻ മത്സരങ്ങളെല്ലാം സമനിലയിൽ അവസാനിച്ചതിന് ശേഷം റാപ്പിഡ് ടൈ-ബ്രേക്കുകളിലൂടെയാണ് ഇരു താരങ്ങളും പ്രീക്വാർട്ടറിലെത്തിയത്.

*******************************************************

## BADMINTON- JAPAN OPEN

ടോക്കിയോയിൽ ഇന്ന് ആരംഭിക്കുന്ന ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യക്ക് പ്രതീക്ഷയായി സാത്വിക് സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം . ഈ വർഷത്തെ ആദ്യ കിരീടം ലക്ഷ്യമിട്ടാണ് താരങ്ങൾ ഇറങ്ങുന്നത്. സിംഗിൾസിൽ, പരിക്കിന്റെ തിരിച്ചടികൾക്ക് ശേഷം ഫോം വീണ്ടെടുക്കുമെന്ന പ്രതീക്ഷയിലാണ് ലക്ഷ്യ സെന്നും പിവി സിന്ധുവും കളത്തിലിറങ്ങുന്നത്.

*******************************************************

## FOOTBALL-IND VS UZB

താഷ്കെന്റിൽ നടക്കുന്ന അണ്ടർ 20 വനിതാ ഫുട്ബാളിലെ സൗഹൃദ മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെതിരെ ഇന്ത്യ 1-1 എന്ന സമനിലയിൽ പിരിഞ്ഞു. അടുത്ത മാസം നടക്കാനിരിക്കുന്ന എ.എഫ്.സി അണ്ടർ-20 വനിതാ ഏഷ്യൻ കപ്പ് യോഗ്യതാ മത്സരങ്ങൾക്കുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായാണ് സൗഹൃദ മത്സരങ്ങൾ നടക്കുന്നത്. ഇന്ത്യയും ഉസ്ബെക്കിസ്ഥാനും നാളെ വീണ്ടും ഏറ്റുമുട്ടും.

*******************************************************

*************************************************************************************************

****************************************